**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **13-02-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിലുണ്ട്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്നിവ വഴി സംരംഭകർക്കനുകൂലമായ നിയമനിർമ്മാ ണങ്ങൾ/ നിയമഭേദഗതികൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരളാ സംസ്ഥാന ഏകജാലക ക്ളിയറൻസ് ബോർഡും, ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ളിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടി വരെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു സംസ്ഥാന ബോർഡിനെയും ആണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലീയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് KSWIFT പോർട്ടലും പ്രവർത്തനസജ്ജമാണ്.ഫയർ ആൻഡ് റസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ്, തദ്ദേശസ്വയംഭരണവകുപ്പ്, മുനിസിപ്പാലിറ്റി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സംസ്ഥാന വൈദ്യുതിബോർഡ്, കേരളാ വാട്ടർ അതോറിറ്റി, ഭൂഗർഭജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, നഗരാസൂത്രണം, മൈനിങ്ങ് ആൻഡ് ജിയോളജി, വനംവകുപ്പ്, ജില്ലാമെഡിക്കൽ ഓഫീസർ, തൊഴിൽ വകുപ്പ്, നഗര വികസന അതോറിറ്റി, ജി. എസ്.റ്റിവകുപ്പ്, |

| | | | |
|---|---|---|---|
| | | | ടൂറിസംവകുപ്പ്, പൊതുമരാമത്ത് വകുപ്പ് മുതലായ വകുപ്പുകൾ ഈ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു. |

| കാലയളവ് | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം |
|---|---|
| 01.05.2021 മുതൽ 31.03.2022 വരെ | 14,403 |
| 01.04.2022 മുതൽ 31.03.2023 വരെ | 1,39,840 |
| 01.04.2023 മുതൽ 07.02.2024 വരെ | 86,404 |
| ആകെ | 2,40,647 |

| | | | |
|---|---|---|---|
| (സി) | പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അപേക്ഷ നൽകുന്നവർക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ? | (സി) | 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം സംരംഭകൻ ആവശ്യമായ അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ